ഉത്തരം

(എ) സൗജന്യറേഷൻ പ്രത്യേകമായി ലഭിച്ചിട്ടില്ല. പക്ഷെ വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്ത സൗജന്യ റേഷന്റെ വില കേന്ദ്രം അനുവദിച്ച ദുരിതാശ്വാസ ഫണ്ടിൽനിന്ന് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) വേർതിരിച്ച കണക്ക് ലഭ്യമായിട്ടില്ല.

റേഷൻ വ്യാപാരികളുടെ കമ്മീഷൻ

562 [768] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ റീട്ടെയിൽ വ്യാപാരികൾക്ക് ഇപ്പോൾ കൊടുത്തുവരുന്ന കമ്മീഷൻ എത്ര ;

(ബി) കമ്മീഷൻ കുറവാണെന്ന് പരാതി കിട്ടിയിട്ടുണ്ടോ ;

(സി) അത് കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹോംസെയിൻ ഡിപ്പോയിൽനിന്നും റീട്ടെയിൽ ഡിപ്പോയിലേക്കുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിലാണ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളത്. അത് താഴെ പറയും പ്രകാരമാണ് :

		കമ്മീഷൻ
1.	8 കിലോമീറ്റർ വരെയുള്ള ദൂരത്തിൽ പ്രവർത്തിക്കുന്ന റേഷൻ റീട്ടെയിൽ ഡിപ്പോ	7 രൂപ 21 പൈസ
2.	8 കിലോമീറ്ററിനു മുകളിൽ 16 കിലോമീറ്റർ വരെയുള്ള ദൂരത്തിൽ പ്രവർത്തിക്കുന്ന ഡിപ്പോ	7 രൂപ 70 പൈസ
3.	16 കിലോമീറ്ററിനു മുകളിൽ 32 കിലോമീറ്റർ വരെയുള്ള ദൂരത്തിൽ പ്രവർത്തിക്കുന്ന ഡിപ്പോ	8 രൂപ 23 പൈസ
4.	32 കിലോമീറ്ററിനു മുകളിൽ 48 കിലോമീറ്റർ വരെയുള്ള ദൂരത്തിൽ പ്രവർത്തിക്കുന്ന ഡിപ്പോ	8 രൂപ 71 പൈസ
5.	48 കിലോമീറ്ററിനു മുകളിലുള്ള ദൂരത്തു പ്രവർത്തിക്കുന്ന ഡിപ്പോ	8 രൂപ 71 പൈസയും കൂടാതെ 48 കി. മീറ്ററിൽ കൂടുതലുള്ള ഓരോ കി. മീറ്ററിനും കമ്മീഷനു 2 പൈസ വീതവും നൽകുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഉപഭോക്താക്കളുടെ ഭാരം വർദ്ധിപ്പിക്കാതെ ഇതെങ്ങനെ സാധിക്കുമെന്നു പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly